LIBRARY ARCHIVES Kerala Legislative Assembly

സ്കൂളുകളിൽ അഡീഷണൽ ബാച്ച് അനുവദിക്കൽ

71(1131) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ അദ്ധ്യയന വർഷം പ്ലസ് വൺ-ന് എത്ര അഡീഷണൽ ബാച്ചുകൾ അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ ഗവൺമെന്റ്/എയ്ഡഡ്/അൺ എയ്ഡഡ് സ്കൂളുകൾ എന്നിങ്ങനെ എത്ര വീതം ബാച്ചുകൾ ആരംഭിച്ചിട്ടുണ്ട് എന്ന് പ്രത്യേകം പ്രത്യേകം വിശദമാക്കാമോ;

(സി) അഡീഷണൽ ബാച്ചുകൾക്ക് വേണ്ടി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ഡി) അഡീഷണൽ ബാച്ചുകൾ അനുവദിച്ചതിന് സ്വീകരിച്ച മാനദണ്ഡം എന്താണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഈ അദ്ധ്യയന വർഷം ഹയർ സെക്കണ്ടറിയിൽ പ്ലസ് വൺ-ന് അഡീഷണൽ ബാച്ചുകൾ ഒന്നും തന്നെ അനുവദിച്ചിട്ടില്ല.

(ബി-ഡി) ഉത്തരം (എ)-യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

കളത്തുപ്പുഴ ഗവ.എച്ച്.എസ്.എസിന് കെട്ടിട നിർമ്മാണം

72(1133) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ എം.എൽ.എ.-യുടെ 2014-15 വർഷത്തെ നിയോജകമണ്ഡലം ആസ്തി വികസനഫണ്ടിൽ ഉൾപ്പെടുത്തി കളത്തുപ്പുഴ ഗവൺമെന്റ് എച്ച്.എസ്.എസ്.-ന് കെട്ടിടം നിർമ്മാണം നടത്തുന്നതിലേക്കായി എന്നാണ് എം.എൽ.എ.-യുടെ പ്രൊപോസൽ ലഭിച്ചതെന്ന് വ്യക്തമാക്കുമോ; ആയത് ധനകാര്യ വകുപ്പിന് സമർപ്പിച്ച തീയതിയും, ധനകാര്യ വകുപ്പിൽ നിന്നും അനുവാദം ലഭിച്ച തീയതിയും വ്യക്തമാക്കുമോ;

(ബി) ടി പ്രവൃത്തിക്ക് ധനകാര്യ വകുപ്പിൽ നിന്നും അനുവാദം ലഭിച്ചപ്പോൾ പ്രസ്തുത പ്രവൃത്തി നടത്തുന്നതിന് 'തസ്തിക സൃഷ്ടിക്കൽ' ആവശ്യമുണ്ടോ എന്ന് നിർദ്ദേശിച്ചിരുന്നോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട് ഹയർ സെക്കണ്ടറി ഡയറക്ടർക്ക് വിദ്യാഭ്യാസ വകുപ്പിൽ നിന്നും ഏത് തീയതിയിലാണ് കത്ത് നൽകിയതെന്നും ആയത് ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിൽ കൈപ്പറ്റിയ തീയതിയും വ്യക്തമാക്കുമോ;

(സി) ഹയർ സെക്കണ്ടറി വകുപ്പിൽ നിന്നും ടി കത്തിന് മറുപടി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;